LIBRARY ARCHIVES Kerala Legislative Assembly

കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജ്

103 (1832) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിലൂടെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസിയായ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) കിഫ്ബിയിൽ സമർപ്പിച്ച പദ്ധതിക്ക് 38.22 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസിക്കാണ്. നിലവിൽ ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കുന്നതിനുള്ള General Alignment Drawing -ന് റെയിൽവെയിൽനിന്നും അനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയാക്കി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ

104 (1833) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി ഇതിനകം സാമ്പത്തികാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മലമ്പുഴ മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞ പദ്ധതികളിന്മേൽ കിഫ്ബി വീണ്ടും ഡിസൈൻ റിവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഡിസൈൻ റിവ്യൂ നടത്താനുള്ള സാഹചര്യം വിശദമാക്കാമോ?

എസ്.പി.വി.-കൾ സമർപ്പിച്ചിട്ടുള്ള ചില പദ്ധതികൾ ഡിസൈൻ റിവ്യൂ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി കൊടുക്കുന്ന സമയത്ത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.